WEDNESDAY 31.01.2024 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR     Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/01/2024

1. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഫെബ്രുവരി 2, 8 തീയതികളിൽ കർഷകരുടെ സിറ്റിങ് നടത്തും. രണ്ടിനു തിരുവനന്തപുരം കമ്മീഷൻ ആസ്ഥാനത്തും, വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിലെ കോൺഫറൻസ് ഹാളിലും എട്ടിനു പാലക്കാട് സർക്കാർ അതിഥി മന്ദിരത്തിലുമാണ് സിറ്റിങ് നടക്കുന്നത്. രാവിലെ 10ന് സിറ്റിങ് ആരംഭിക്കും.

2. സംസ്ഥാനവ്യവസായ വാണിജ്യവകുപ്പ് സംഘടിപ്പിക്കുന്ന മെഷിനറി എക്സ്പോ 2024ന്റെ ആറാം പതിപ്പ് എറണാകുളം ജില്ലയിലെ കിൻഫ്ര ഇൻ്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെൻ്ററിൽ വച്ച് ഫെബ്രുവരി 10,11,12,13 തീയതികളിൽ നടക്കും. അത്യാധുനിക സാങ്കേതിക വിദ്യകളിലൂടെ സൂക്ഷമ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുകയാണ് എക്സ്പോയുടെ ലക്ഷ്യം. വിശദ വിവരങ്ങൾക്ക് 9188401706 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. 2024-25 വർഷത്തിൽ പി.എം.എം.എസ്.വൈ. പദ്ധതിയുടെ ഘടകപദ്ധതികളായി ഇടുക്കി ജില്ലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. മത്സ്യം വളർത്തുന്നതിനുള്ള പുതിയ കുളം നിർമ്മാണം (നഴ്സറി/സീഡ് റെയറിംഗ് പോൺസീഡ്), സമ്മിശ്ര മത്സ്യകൃഷി പദ്ധതി, പിന്നാമ്പുറ അലങ്കാര മത്സ്യവിത്ത് ഉത്പാദന കേന്ദ്രം, മീഡിയം സ്കെയിൽ അലങ്കാര മത്സ്യവിത്ത് ഉത്പാദന കേന്ദ്രം, ചെറിയ ആർ.എ.എസ്. യൂണിറ്റ്, പിന്നാമ്പുറ ചെറിയ ആർ.എ.എസ്. യൂണിറ്റ്, മോട്ടോർ സൈക്കിളും ഐസ്ബോക്സും എന്നീ പദ്ധതികൾക്കാണ് അപേക്ഷ ക്ഷണിച്ചത്. താല്പര്യമുള്ള വ്യക്തികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫെബ്രുവരി 5 ന് മുൻപ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മത്സ്യകർഷക വികസന ഏജൻസി, പൈനാവ് പി.ഒ., ഇടുക്കിയിൽ നേരിട്ടോ ഇ മെയിൽ വഴിയോ തപാൽ മുഖാന്തിരമോ എത്തിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ 04862-233226 എന്ന ഫോൺ നമ്പറിലും മത്സ്യഭവൻ ഇടുക്കി, മത്സ്യഭവൻ നെടുങ്കണ്ടം, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം പൈനാവ് ഇടുക്കി എന്നിവിടങ്ങളിലും ലഭ്യമാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ പ്രമോട്ടർമാരിൽ നിന്നും കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതാണ്.

4. കഴിഞ്ഞ മൂന്ന് വർഷത്തിനകം ഫിഷറീസ് വിഷയത്തിൽ വി.എച്ച്.എസ്.ഇ കോഴ്സ് പൂർത്തിയാക്കിയവർക്ക് രണ്ട് മാസത്തെ കരിമീൻകൃഷി പരിശീലനം സൗജന്യമായി നൽകുന്നു. താത്പര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ സഹിതം 31ന് രാവിലെ 10ന് നീണ്ടകരയിലുള്ള എ.ഡി.എ.കെ റീജിയണൽ ഓഫീസിൽ അഭിമുഖത്തിനെത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 8289925683.

ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2024 ഫെബ്രുവരി മാസത്തിൽ ഇടുക്കി അണക്കരയിൽ വച്ച് നടത്തപ്പെടുന്ന 2023-24 വർഷത്തെ സംസ്ഥാന ക്ഷീര സംഗമം "പടവ് 2024' നോടനുബന്ധിച്ച് ക്ഷീര മേഖലയിലെ മാധ്യമ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നതിന് മാധ്യമ പ്രവർത്തകരുടെ സൃഷ്ടികൾക്ക് പുരസ്ക്കാരങ്ങൾ നല്കുന്നു. ക്ഷീര വികസനവുമായി ബന്ധപ്പെട്ട് പൊതുവിഭാഗത്തിനായി മികച്ച പത്ര റിപ്പോർട്ട്, മികച്ച പത്ര ഫീച്ചർ, മികച്ച ഫീച്ചർ/ലേഖനം (കാർഷിക മാസികകൾ), മികച്ച പുസ്തകം (ക്ഷീര മേഖല), മികച്ച ശ്രവ്യ മാധ്യമ ഫീച്ചർ, മികച്ച ദൃശ്യ മാധ്യമ റിപ്പോർട്ട്, മികച്ച ദൃശ്യ മാധ്യമ ഫീച്ചർ ,മികച്ച ദൃശ്യ മാധ്യമ ഡോക്കുമെൻററി/ മാഗസിൻ പ്രോഗ്രാം, മികച്ച ഫോട്ടോഗ്രാഫ് ('ക്ഷീരമേഖല കരുതലിന്റെ സ്നേഹസ്പർശം' എന്ന വിഷയത്തിൽ) പുരസ്ക്കാരങ്ങൾക്കായി അപേക്ഷകൾ ക്ഷണിക്കുന്നു. ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥർക്ക് 1. മികച്ച ഫീച്ചർ-ദിനപ്പത്രം, ആനുകാലികം 2. മികച്ച ഫോട്ടോഗ്രാഫ്

(‘ക്ഷീരമേഖല കരുതലിന്റെ സ്നേഹസ്പർശം‘ എന്ന വിഷയത്തിൽ) എൻട്രികൾ 2023 ജനുവരി 01 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രസിദ്ധപ്പെടുത്തിയതായിരിക്കണം. മത്സരം സംബന്ധിച്ചുള്ള നിബന്ധനകളും അപേക്ഷാഫോറത്തിന്റെ മാതൃകയും വകുപ്പിന്റെ www.dairydevelopment.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിജയികൾക്ക് 25,000/- ക്യാഷ് അവാർഡും ഫലകവും പ്രശസ്തി പത്രവും നൽകുന്നതായിരിക്കും. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: 12.02.2024 വൈകിട്ട് 5 മണി. അപേക്ഷകൾ അയക്കേണ്ട വിലാസം ജോയിന്റ് ഡയറക്ടർ (സ്റ്റേറ്റ് ഡയറി ലാബ്), ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്, പട്ടം പി.ഒ, തിരുവനന്തപുരം -695004. കൂടുതൽ വിവരങ്ങൾക്ക് 9495818683/999524086190 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഫെബ്രുവരി മാസം 3ന് ആദായകരമായ പശു വളർത്തൽ, 5ന് മുട്ടക്കോഴി വളർത്തൽ 7ന് ആദായകരമായ പശു വളർത്തൽ 9ന് ശാസ്ത്രീയ കറവ പശു തീറ്റക്രമം 12ന് അദായകരമായ പോത്തു വളർത്തൽ,13 ന് ആദായകരമായ പശു വളർത്തൽ, 15ന് ശാസ്ത്രീയ കറവപ്പശു തീറ്റക്രമം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 04829 -234323 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ആടുവളർത്തൽ എന്ന വിഷയത്തിൽ ഫെബ്രുവരി മാസം രണ്ടിന് രാവിലെ 10 മണി മുതൽ 5 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9188522713 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

7. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 2,3 തീയതികളിലായി 'ക്ഷീര സംരഭകത്വം ശാസ്ത്രീയ പശു പരിപാലനത്തിലൂടെ' എന്ന വിഷയത്തിൽ ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് പരിശീലനം നടത്തുന്നതാണ്. നിലവിൽ അഞ്ചോ അതിലധികമോ പശുക്കളെ വളർത്തുന്നവർക്കും ക്ഷീര മേഖലയെ ഒരു സംരഭമായി കരുതി ഫാം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ടി ക്ലാസ്സിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 01.02.2024 ന് 5 മണി വരെ ഫോൺ മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്. 8089391209 എന്ന വാട്സ് ആപ് നമ്പറിലേക്ക് പേരും മേൽ വിലാസവും അയച്ചു നൽകിയും പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായി പരിശീലന പരിപാടി പരിമിതപ്പെടുത്തിയിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 04762698550, 8089391209 എന്നീ ഫോൺ നമ്പരുകളിൽ വിളിക്കേണ്ടതാണ്. പരിശീലനത്തിന് എത്തിച്ചേരുന്ന സമയത്ത് 20 രൂപ രജിസ്ട്രേഷൻ ഫീസും ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും ബാങ്ക് പാസ്സ് ബുക്കിൻ്റെ പകർപ്പും കൊണ്ട് വരേണ്ടതാണ്.